(സി) കല്ലട ജലസേചന പദ്ധതിയിലെ കാഡാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സ്, ഗവൺമെൻറ് ഓഫ് ഇൻഡ്യക്ക് സമർപ്പിച്ചിട്ടുണ്ട്. കാഡാ പദ്ധതിയിൽ ഈ പദ്ധതിയെക്കൂടി ഉൾപ്പെടുത്തുന്നതിൻെറ ഭാഗമായി അടൂരിലും കൊട്ടാരക്കരയിലുമായി ടി പദ്ധതിയുടെ ഒരു ഡിവിഷനും മൂന്ന് സബ് ഡിവിഷനുകളും പ്രവർത്തനം ആരംഭിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

ആമയിഴഞ്ചാൻ തോടിന് കുറുകെ പാലം നിർമ്മിക്കുവാൻ നടപടി

59 [2668] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ കടകംപള്ളി വില്ലേജിൽ 'ഇടത്തറ'യിൽ ആമയിഴഞ്ചാൻ തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് അനുമതി നൽകിയിരുന്നോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയത് എന്നാണെന്നും എത്ര തുകയെന്നും അറിയിക്കാമോ;

(സി) പാലം നിർമ്മാണം ടെൻഡർ ചെയ്തത് എന്നാണെന്ന് അറിയിക്കാമോ;

(ഡി) നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഇ) നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 19-1-2004-ൽ, 70 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

(സി) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഡി 3-4723/01/ഐ. എസ്. സി. നമ്പർ ദർഘാസ് പ്രകാരം, ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം 30-6-2003 ആയിരുന്നു. പിന്നീട് ഇത് മാറ്റിവെക്കുകയും 22-1-2004-ന് ദർഘാസ് സ്വീകരിക്കുകയും ചെയ്തു.

(ഡി, ഇ) ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ കഴിയാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിൻെറ ലഭ്യതയനുസരിച്ച് പ്രവൃത്തി പുനഃദർഘാസ് നടത്തി നടപ്പാക്കാൻ കഴിയുന്നതാണ്.

കരുവാറ പഞ്ചായത്തിലെ കാരമുട്ട് പ്രദേശത്തേക്ക് ഒരു കാർട്ടബിൾ പാലം

60 [2669] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട കരുവാറ പഞ്ചായത്തിലെ കാരമുട്ട് പ്രദേശത്തേക്ക് ഒരു കാർട്ടബിൾ പാലം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിൽ നിന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളും ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ട്;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ—സി) വിശദമായ പഠനത്തിനുശേഷം പാലത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച് തീരുമാനിക്കുന്നതാണ്.

പെരുവണ്ണാമൂഴി ഡാമിന്റെ ലീക്ക്

61 [2670] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ പെരുവണ്ണാമൂഴി ഡാമിന്റെ ലീക്കിനെ സംബന്ധിച്ച് പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡാം കൂടുതൽ ബലവത്താക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതിയും, അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനും 12-1-2005-ന് പെരുവണ്ണാമൂഴി ഡാം പരിശോധിക്കുകയും ഡാം സുരക്ഷിതമാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ ഡാമിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണ്.

കൂടാതെ ഡാമിന്റെ അറ്റകുറ്റ പണികൾക്കായി, 2004-2005-ൽ 27 ലക്ഷം രൂപയ്ക്കുള്ള പണികൾക്ക് ചീഫ് എഞ്ചിനീയർ അനുവാദം നൽകിയിട്ടുണ്ട്. ടി പണികളും നടന്നുവരികയാണ്.

കുറ്റ്യാടി ജലസേചന പദ്ധതി

62 [2671] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജലസേചന പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റ്യാടി ജലസേചന പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly